**പതിമൂന്നാം കേരള നിയമസഭ**

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:**2161** 08/12/**2014** ൽ മറുപടിയ്ക്ക്

**വനം വകുപ്പ് സംരക്ഷണ വിഭാഗം ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കോവൂർകുഞ്ഞുമോൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) വനം വകുപ്പിൽ സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മറ്റ് ഡിപ്പാർട്ട്മെന്റുകളിൽ ജോലി ചെയ്യുന്നതിന് അനുമതി നിഷേധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ; | (എ) വനം വകുപ്പിലെ വനസംരക്ഷണ ജീവനക്കാരുടെ അപര്യാപ്തത കണക്കിലെടുത്ത് വനം വകുപ്പിലെ സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മറ്റ് ഡിപ്പാർട്ട്മെന്റുകളിൽ/ സ്ഥാപനങ്ങളിൽ നിയമനം നൽകുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഒരേ ഡിപ്പാർട്ട്മെന്റിലുള്ള മിനിസ്റ്റീരിയൽ വിഭാഗക്കാർക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കുകയും സംരക്ഷണ വിഭാഗക്കാർക്ക് അനുവദിക്കാതിരിക്കുകയും ചെയ്യുന്നത് സർവ്വീസ് റൂൾ ലംഘനമാണോയെന്ന് അറിയിക്കുമോ; എങ്കിൽ ഈ അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | ബി) അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടേഷൻ അനുവദിക്കണമെന്ന ചട്ടങ്ങൾ നിലവിലില്ല. വകുപ്പിലെ വനസംരക്ഷണ ജീവനക്കാരുടെ അപര്യാപ്തത കാരണം വന സംരക്ഷണ ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയത് ചട്ടങ്ങളുടെ ലംഘനമല്ല. |
| സി) വനം വകുപ്പിലെ വിവിധ ഡിവിഷനുകളിൽ സംരക്ഷണ വിഭാഗം ജീവനക്കാരുടെയും മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെയും തസ്തിക തിരിച്ച് നിലവിലുള്ള ഒഴിവ് എത്രയെന്ന് വിശദമാക്കുമോ? | സി) വനം വകുപ്പിന്റെ വിവിധ ഡിവിഷനുകളിലെ വനസംരക്ഷണ ജീവനക്കാരുടെയും മിനിസ്റ്റീരിയൽ ജീവനക്കാരുടെയും തസ്തിക തിരിച്ചുള്ള ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു. |

**വനസംരക്ഷണ ജീവനക്കാർക്കാർ**

| തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|
| ഡെപ്യൂട്ടി റെയിഞ്ച് ഓഫിസർ | 1 |
| സെക്ഷൻ ഫോറസ്റ്റ് ഓഫിസർ | 34 |
| ബീറ്റ് ഫോറസ്റ്റ് ഓഫിസർ | 113 |
| ഫോറസ്റ്റ് വാച്ചർ | 14 |
| റിസർവ്വ് വാച്ചർ | 1 |
| വൈൽഡ് ലൈഫ് അസിസ്റ്റന്റ് | 1 |

**മിനിസ്റ്റീരിയൽ ജീവനക്കാർ**

| തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|
| അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 1 |
| ക്ളാർക്ക് | 21 |
| ടൈപ്പിസ്റ്റ് | 2 |
| ഓഫീസ് അറ്റൻഡന്റ് | 23 |
| ഡ്രാഫ്റ്റ്സ്മാൻ | 4 |
| ഡ്രൈവർ | 11 |
| ആനപാപ്പാൻ | 12 |
| പാർട്ട് ടൈം സ്വീപ്പർ | 4 |
| നൈറ്റ് വാച്ചർ | 2 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 3 |
| ഓഫീസ് അറ്റൻഡർ | 1 |

സെക്ഷൻ ഓഫീസർ